2797
19/9/18

കേരള സർക്കാർ

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - മറ്റു പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായുള്ള ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി (2018-19) - വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ. (സാധാ)നം.87/2018/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 23.08.2018.

===

പരാമർശം:
1. സ.ഉ.(സാധാ) നം. 11/2014/പി.സ.വി.വ, തീയതി 24.01.2014.
2. സ.ഉ.(സാധാ) നം. 02/2018/പി.വി.വി.വ, തീയതി 20.01.2018.
3. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 31.07.2018 -ലെ BCDD-A3-1330/18 നമ്പർ കത്ത്.
4. 02.08.2018 -ന് ബഹു. പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന സെലക്ഷൻ കമ്മിറ്റി യോഗ നടപടി കുറിപ്പ്.

## ഉത്തരവ്

മെഡിസിൻ, അഗ്രികൾച്ചറൽ സയൻസ്, പ്യൂവർ സയൻസ്, മാനേജ്മെന്റ്, എഞ്ചിനീയറിംഗ് എന്നീ കോഴ്സുകളിൽ പോസ്റ്റ് ഗ്രാജ്വേറ്റ് തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന പിന്നോക്ക വിഭാഗങ്ങളിലെ വാർഷിക കുടുംബ വരുമാനം 6 ലക്ഷം രൂപ അധികരിക്കാത്ത വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുത്ത വിദേശ സർവ്വകലാശാലകളിൽ സർക്കാർ ധനസഹായത്തോടെ പഠനം നടത്തുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് <u>മറ്റ് പിന്നോക്ക വിഭാഗക്കാർക്കുള്ള വിദേശ സ്കോളർഷിപ്പ് (Overseas Scholarship to OBC Students in rated Foreign Universities).</u> പരാമർശം (1) പ്രകാരം ഈ പദ്ധതി സംബന്ധിച്ച വിശദമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. 2018-19 -ലെ വാർഷിക പദ്ധതിയിൽ, ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ടി പദ്ധതിയുടെ നടത്തിപ്പിനായി 270 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. 2013-14 മുതൽ ടി പദ്ധതി നടപ്പിലാക്കിയപ്പോൾ അപേക്ഷകർക്ക് പ്രവേശനം നേടാവുന്ന യൂണിവേഴ്സിറ്റികളുടെ എണ്ണം ടൈംസ് ഹയർ എഡ്യൂക്കേഷൻ വേൾഡ് യൂണിവേഴ്സിറ്റിയുടെ റാങ്കിംഗ് പ്രകാരം 200 യൂണിവേഴ്സിറ്റികളെ ഉൾപ്പെടുത്തിയാണ് പരാമർശം (1) -ലെ ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. മതിയായ നീതികരണം ലഭ്യമാക്കിയാൽ ഉന്നതനിലവാരത്തിലുള്ള മറ്റ് യൂണിവേഴ്സിറ്റികളെയും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ പരാമർശിക്കുന്നുണ്ട്.

4. ഇപ്രകാരം പരാമർശം 3 -ലെ കത്തിനോടൊപ്പം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ഒ.ബി.സി. വിദ്യാർത്ഥികൾക്കായുള്ള വിദേശ പഠന സ്കോളർഷിപ്പിനുള്ള അപേക്ഷകളിന്മേൽ 02.08.2018 -ന് രാവിലെ 12 മണിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സെലക്ഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം ടൈംസ് ഹയർ എഡ്യൂക്കേഷൻ വേൾഡ് യൂണിവേഴ്സിറ്റിയുടെ റാങ്കിംഗിൽ ഉൾപ്പെട്ട 200 യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ 11 പേർക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് തീരുമാനിച്ചു. കൂടാതെ

(....2)

201 മുതൽ 600 വരെ റാങ്കിംഗ് ഉള്ള യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ 8 പേരുടെ അപേക്ഷകളും UN -ന്റെ കീഴിലുള്ള Mandated University for Peace in Costarica യൂണിവേഴ്സിറ്റിയിൽ പ്രവേശനം നേടിയ ഗ്രീഷ്മ പി. രാജു എന്ന വിദ്യാർത്ഥിനിക്കും Ottava University -യിൽ അഫിലിയേറ്റ് ചെയ്ത Community College ALGONQUIN കോളേജിൽ പ്രവേശനം നേടിയ ബിനു. ജെ എന്ന വിദ്യാർത്ഥിക്കും അർഹതാ മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചിട്ടുള്ളതായി കണ്ടതിനാൽ പ്രസ്തുത വിദ്യാർത്ഥികളുടെ പഠന ചെലവിന്റെ 50% സ്കോളർഷിപ്പ് അനുവദിക്കുന്നതിനും ഈ തുക 10 ലക്ഷം രൂപയിൽ അധികരിക്കരുതെന്നും തീരുമാനിച്ചു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വിദ്യാർത്ഥികളെ 2018-19 വർഷത്തെ പിന്നാക്ക വിഭാഗക്കാർക്കായുള്ള ഓവർസീസ് സ്കോളർഷിപ്പിന് തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേരും അഡ്രസ്സും | കോഴ്സ് | പ്രവേശനം ലഭിച്ച / ലഭിക്കുന്ന യൂണിവേഴ്സിറ്റിയുടെ പേര് |
|---|---|---|---|
| 1 | RAHUL CHANDRAN C<br>"PUNARTHAM"<br>TC.10/2071(1), TRA-39A,<br>VATTIYOORKAVU P. O,<br>THIRUVANANTHAPURAM - 13. | MASTER OF SCIENCE IN GLOBAL SUPPLY CHAIN AND LOGISTICS MANAGEMENT | UNIVERSITY OF SUSSEX, UNITED KINGDOM |
| 2 | SISITHA SANKAR<br>PUTHEN PURAYIL HOUSE,<br>KAREELAKULANGARA P. O,<br>KAYAMKULAM<br>ALAPPUZHA 690 572 | MSc – DIABETES BEST PRACTICE | UNIVERSITY OF SOUTHAMPTION, UNITED KINGDOM |
| 3 | ASWATH MOHANAN<br>GURU KRIPA, GRA J-74,<br>CHEMPAZHANTHY<br>GANDHIPURAM, SREEKARYAM,<br>THIRUVANANTHAPURAM – 695 017 | MASTERS PROGRAME IN AEROSPACE ENGINEERING | UNIVERSITY OF MICHIGAN ANN ARBOR, M1-48109 - USA |
| 4 | SHIMLAL AYILALATH<br>AYILALATH HOUSE,<br>KARAPARAMBA P. O,<br>VAZHAYUR,<br>MALAPPURAM – 673 632 | MSc IN PLANT SCIENCE (BREEDING & GENETICS) | WAGENINGEN UNIVERSITY AND RESEARCH NETHARLAND |
| 5 | ARFAS PARAMBIL HABEEB<br>PARAMBIL HOUSE,<br>KOODARANHI P. O,<br>CALICUT – 673 604 | MASTERS IN CIVIL ENGINEERING | UNIVVERSITY OF FLORIDA |
| 6 | NISHA KUNHIKRISHNAN<br>KRISHNA KRIPA HOUSE<br>KURIKKILAD P. O,<br>NUT STREET VIA, VADAKARA,<br>KOZHIKODE DIST – 673 104 | MASTER OF ENTERTAINMENT TECHNOLOGY COMPUTER SCIENCE | CARNEGIE MELLON UNIVERSITY PITTSBURGH PA 15213 - USA |
| 7 | AMJO LETHA VALSALAN<br>KADAPLACKAL<br>THULAPPALLY P. O, RANNY,<br>PATHANAMTHITTA – 686 510 | MASTER OF ARTS IN PUBLIC RELATIONS, CORPORATE COMMUNICATION & MARKETING | UNIVERSITY OF LEEDS UNITED KINGDOM |
| 8 | MUHAMMAD KOYA AMJATH OK<br>OMPATHU KANDATHIL HOUSE<br>CHERUMOOLA VAYAL,<br>MUTTIL, KALPATTA,<br>WAYANAD - 673 122 | LLM IN HUMAN RIGHTS | YORK LAW CHOOL UNITED KINGDOM |

(.....3)

| | | | |
|---|---|---|---|
| 9 | MUHAMMED SHABIN N<br>NAMBAN HOUSE,<br>UNNIKKULAM,<br>CHULLIYODE P. O,<br>MALAPPURAM DIST - 679 332 | MSc DEVELOPMENT, ECONOMICS AND POLICY | UNIVERSITY OF MANCHESTER |
| 10 | SANAM SASIDHARAN PERUMBAYIL<br>PERUMBAYIL HOUSE<br>1367/A1, BANDARINILAM,<br>PARAMBA P. O, KALLAI<br>KOZHIKODE - 673 003 | MS FOOD SCIENCE & AGRICULTRURAL CHEMISTRY MS IN PLANT SCIENCE | MCGILL UNIVERSITY, UNIVERSITY OF WADGERIRGEN |
| 11 | MINNU JAYAPAL<br>THAKARANARU PARAMBIL HOUSE,<br>KATTAPPANA P. O,<br>IDUKKI – 685 508 | MASTER OF BIO-TECHNOLOGY (BIOMEDICAL) | UNIVERSITY OF ADELAIDE SOUTH AUSTRALIA |
| 12 | FASNA PALLERIYAN<br>AP HOUSE,<br>MULLANKUNNU ROAD,<br>SULTHAN BATHERY P. O,<br>WAYANAD – 673 592 | MASTER OF INFORMATION TECHNOLOGY PROFESSIONAL | CENTRAL QUEENSLAND UNIVERSITY MELBOURN, AUSTRALIA |
| 13 | MOHAMMAD AMEEN ARIMBRA<br>ARIMBRA HOUSE,<br>KCTC LINK ROAD<br>TIRURANGADI,<br>MALAPPURAM – 676 306 | MASTERS IN INTERNATIONAL DEVELOPMENT | PARIS SCHOOL OF INTERNATIONAL AFFAIRS UNIVERSITY OF SUSSEX |
| 14 | ANJU RAMACHANDRAN<br>ADITHYA,<br>KULASEKHARAMANGALAM P. O,<br>VAIKOM,<br>KOTTAYAM – 686 608 | MASTER OF ENGINEERING | UNIVERSITY OF WOLLONGONG AUSTRALIA |
| 15 | ABDUL MUNEEB RAHMAN B M<br>BAVIKARA HOUSE<br>EYYALA, BENDICHAL,<br>THEKKIL P O,<br>KASARAGOD – 671 541 | SPECIAL MASTER DEGREE IN AEROSPACE | UNIVERSITY OF SAPIENZA ROME |
| 16 | SHAAZ KHALID A K<br>FLAT No. A5, HOUSE No. 2153/A4,<br>WHITE FIELD,<br>HAMZA KUNJU LANE,<br>SRM ROAD, KOCHI – 682 018 | MSc DATA & COMPUTATIONAL SCIENCE | UNIVERSITY COLLEGE DUBLIN, IRELAND |
| 17 | NIRMAL VYAS SUNIL KUMAR<br>NANKARAVILA,<br>KOONTHALLOOR,<br>CHIRAYINKEEZHU P. O,<br>THIRUVANANTHAPURAM DIST-695304 | MIT MASTERS OF INFORMATION TECHNOLOGY – CYBER SECURITY | UNIVERSITY OF TECHNOLOGY IN SYDNEY CUTS |
| 18 | THASIM MIDHILRAJ<br>RAJEENA MANZIL,<br>VADAKEVILA P. O,<br>SKN 158, PALLIMUKKU,<br>KOLLAM - 691 010 | MASTER OF ENGINEERING | EDITH COWAN UNIVERSITY |
| 19 | MOHAMMAD ANWAR MANJANOOR<br>MANJANOOR HOUSE,<br>KOLIYOOR P. O,<br>MANJESHWARAM,<br>KASARAGOD DIST – 671 323 | MASTER OF SCIENCE (MS) IN ELECTRICAL ENGINEERING | IOWA STATE UNIVERSITY, USA |

(.....4)

| | | | |
|---|---|---|---|
| 20 | GRESHMA P RAJU<br>SANGEERTHANAM<br>KUREELUMUKAL<br>KARAVALOOR P. O,<br>PUNALUR, KOLLAM – 691 333 | MA INTERNATIONAL PEASE STUDIES | UNITED NATIONS MANDATED UNIVERSITY FOR PEACE COSTARICA |
| 21 | BINU J<br>PUTHUVAL PURAYIDAM<br>PARUTHIYOOR,<br>POZHIYOOR P. O,<br>THIRUVANANTHAPURAM - 695 513 | HOPITALITY IN HOSTELS AND RESTAURANT OPERATIONS MANAGEMENT | ALGONQUIN COLLEGE |

6. മുകളിൽ പറഞ്ഞിട്ടുള്ള വിദ്യാർത്ഥികളിൽ 12 മുതൽ 21 വരെയുള്ളവർക്ക് ലഭിക്കുന്ന പരമാവധി സ്കോളർഷിപ്പ്, മൊത്തം ചെലവിന്റെ 50 ശതമാനം അഥവാ പരമാവധി 10 ലക്ഷം രൂപ അധികരിക്കാൻ പാടില്ലാത്തതാണ്.

7. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതും ഇതിനുവേണ്ടി വരുന്ന ചെലവ് 2225-03-277-91(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതുമാണ്.

8. 2018 ഒക്ടോബറിൽ ഒരു തവണ കൂടി ഓവർസീസ് സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി. എൻ.**
**ഗവ. ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.